# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.53    28.01.2019-ൽ മറുപടിക്ക്

## പുതിയ ടെക്നോസിറ്റി പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ്ജ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | ഈ സർക്കാർ പുതിയതായി എത്ര ടെക്നോസിറ്റി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ: | എ) | ഈ സർക്കാർ പുതുതായി ടെക്നോസിറ്റി പദ്ധതികൾ ആരംഭിച്ചിട്ടില്ല. ടെക്നോപാർക്കിന്റെ വികസനഘട്ടമായുള്ള വികസന പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് ഏകദേശം 400 ഏക്കറിലുള്ള ബൃഹത് പദ്ധതിയായി ടെക്നോസിറ്റി പ്രവർത്തനങ്ങൾ 2010 മുതൽ നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി / ജല വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ആദ്യത്തെ കെട്ടിടത്തിന്റെ ശിലാസ്ഥാപനം ബഹു.രാഷ്ട്രപതി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. 2 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന്റെ നിർമ്മാണം 6 മാസത്തിനകം പൂർത്തിയാകും. |
| ബി) | ടെക്നോസിറ്റി പദ്ധതി മുഖേന എത്ര പേർക്ക് പ്രതിവർഷം ജോലി നൽകുവാൻ സാധിക്കും; വിശദമാക്കാമോ; | | ടെക്നോസിറ്റിയിൽ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രതിവർഷം തൊഴിൽ സംബന്ധിച്ചുള്ള |

| | | | |
|---|---|---|---|
| | | | കണക്കുകൾ ലഭ്യമായിട്ടില്ല. എങ്കിലും നോളഡ്ജ്സിറ്റി പദ്ധതികൾ ഉൾപ്പെടെയുള്ള ടെക്നോസിറ്റി പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും അതിന്റെ 4 മടങ്ങ് പരോക്ഷമായുള്ള തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു. |
| സി | തിരുവനന്തപുരത്ത് ഉദ്ഘാടനം കഴിഞ്ഞ ടെക്നോസിറ്റിയിൽ ഏതൊക്കെ മേഖലകളിലാണ് ഗവേഷണം നടത്തുന്നത്; എത്ര സംരംഭകർ ഉണ്ട്; വിശദമാക്കാമോ? | | ടെക്നോസിറ്റിയിൽ സ്ഥലം നൽകിയ സ്ഥാപനങ്ങൾ അവരുടെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി പ്രകാരമുള്ള ബിസിനസ് സംരംഭങ്ങൾ, ഗവേഷണങ്ങൾ എന്നിവ ആരംഭിക്കുന്നതാണ്. ടെക്നോസിറ്റിയിലെ നോളഡ്ജ് സിറ്റിയിൽ പങ്കാളികളാകാൻ നിസ്സാൻ, VSSC എന്നീ സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. ഇവർ നൂതന സാങ്കേതികവിദ്യകൾ അടിസ്ഥാനമാക്കിയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, ഇ-മൊബിലിറ്റി, മെഷീൻലേണിംഗ്, കൊഗ്നറ്റീവ് അനലിസിസ്, ബ്ലോക്ക്ചെയിൻ, സൈബർ സെക്യൂരിറ്റി, സ്പെയിസ് സയൻസ് പ്രോജക്ടുകൾ തുടങ്ങിയ മേഖലകളിലുള്ള ഗവേഷണങ്ങൾ തുടങ്ങുന്നതിനായാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ